**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3780** **27-06-2024 - ൽ മറുപടിയ്ക്ക്**

**ഉടുമ്പൻചോല മണ്ഡലത്തിലെ ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. എം. മണി | | ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | ഉടുമ്പൻചോല മണ്ഡലത്തിലെ ഇരട്ടയാർ ഗ്രാമപഞ്ചായത്തിൽ അനുവദിച്ച ഒരു പഞ്ചായത്തിൽ ഒരു കളിക്കളം എന്ന പദ്ധതിയുടെ പ്രവർത്തന പുരോഗതിയുടെ വിശദാംശം നൽകാമോ; | (എ) | "ഒരു പഞ്ചായത്തിൽ ഒരു കളിക്കളം" പദ്ധതിയുടെ ആദ്യഘട്ടത്തിൽ ഉൾപ്പെട്ടുന്ന ഉടുമ്പൻചോല നിയോജകമണ്ഡലത്തിലെ ഇരട്ടയാർ ഗ്രാമപഞ്ചായത്ത് ഗ്രൗണ്ട് നിർമ്മാണത്തിനായി ഇടുക്കി ജില്ലാകളക്ടർ 10.02.2024ലെ D3-384/2019-20 LAC ADS നമ്പർ ഉത്തരവ് പ്രകാരം എം.എൽ.എ ഫണ്ടിൽ നിന്നും 50 ലക്ഷം രൂപ അനുവദിച്ചിരുന്നു. ആനുപാതികമായ തുക കായികവകുപ്പിന്റെ പദ്ധതി വിഹിതത്തിൽ നിന്നും അനുവദിച്ചു കൊണ്ട് 29.02.2024ലെ എ3-9068/23 നമ്പർ ഉത്തരവ് പ്രകാരം കായിക യുവജനകാര്യ ഡയറക്ടർ പദ്ധതിക്ക് 100 ലക്ഷം രൂപയുടെ സംയുക്ത ഭരണാനുമതി നൽകിയിട്ടുമുണ്ട്. ഈ പദ്ധതിയുടെ ടെൻഡർ ലഭിച്ചത് നിർവ്വഹണ ഏജൻസിയായ സ്പോർട്സ് കേരള ഫൗണ്ടേഷൻ പരിശോധിച്ചു വരികയാണ്. |
| (ബി) | പ്രസ്തുത പ്രവൃത്തി നിർമ്മാണം ആരംഭിക്കാവുന്ന ഘട്ടത്തിലാണോയെന്ന് വ്യക്തമാക്കാമോ; | (ബി) | "ഒരു പഞ്ചായത്തിൽ ഒരു കളിക്കളം" പദ്ധതിയുടെ ആദ്യഘട്ടത്തിൽ ഉൾപ്പെട്ടുന്ന ഉടുമ്പൻചോല നിയോജകമണ്ഡലത്തിലെ ഇരട്ടയാർ ഗ്രാമപഞ്ചായത്ത് ഗ്രൗണ്ട് നിർമ്മാണത്തിനായി ഇടുക്കി ജില്ലാകളക്ടർ 10.02.2024ലെ D3-384/2019-20 LAC ADS നമ്പർ ഉത്തരവ് പ്രകാരം എം.എൽ.എ ഫണ്ടിൽ നിന്നും 50 ലക്ഷം രൂപ അനുവദിച്ചിരുന്നു. ആനുപാതികമായ തുക കായികവകുപ്പിന്റെ പദ്ധതി വിഹിതത്തിൽ നിന്നും അനുവദിച്ചു കൊണ്ട് 29.02.2024ലെ എ3-9068/23 നമ്പർ ഉത്തരവ് പ്രകാരം കായിക യുവജനകാര്യ ഡയറക്ടർ പദ്ധതിക്ക് 100 ലക്ഷം രൂപയുടെ സംയുക്ത ഭരണാനുമതി നൽകിയിട്ടുമുണ്ട്. ഈ പദ്ധതിയുടെ ടെൻഡർ ലഭിച്ചത് നിർവ്വഹണ |

| | | | |
|---|---|---|---|
| | | | ഏജൻസിയായ സ്പോർട്സ് കേരള ഫൗണ്ടേഷൻ പരിശോധിച്ചു വരികയാണ്. |
| (സി) | പ്രസ്തുത പ്രവൃത്തിക്ക് ആകെ എത്ര രൂപയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കിയിട്ടുള്ളതെന്നും എന്തൊക്കെ പ്രവൃത്തികളാണ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്നും വിശദമാക്കാമോ; | (സി) | പദ്ധതിക്ക് 100 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ആണ് തയ്യാറാക്കിയിട്ടുള്ളത്. എസ്റ്റിമേറ്റിൽ പ്രധാനമായും ഉൾപ്പെടുത്തിയിരിക്കുന്നത് റീട്ടെയ്നിംഗ് വാൾ, ഡ്രൈയിൻ, ഫെൻസിംഗ്, ഫ്ളഡ് ലൈറ്റ് വർക്കുകൾ എന്നിവയും മൂന്നു വർഷത്തെ പരിപാലനത്തിനുള്ള തുകയുമാണ്. |
| (ഡി) | പ്രസ്തുത പ്രവൃത്തിയുടെ നിർവ്വഹണ ഏജൻസി ഏതാണെന്ന് അറിയിക്കാമോ? | (ഡി) | കായികയുവജനകാര്യാലയത്തിനു കീഴിലുള്ള പൊതുമേഖലാ സ്ഥാപനമായ സ്പോർട്സ് കേരള ഫൗണ്ടേഷനാണ് പദ്ധതിയുടെ നിർവ്വഹണ ഏജൻസി. |

സെക്ഷൻ ഓഫീസർ